REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 13-06-2025 സമയം 06.45 AM

## പ്രധാന വാർത്തകൾ

- **അഹമ്മദാബാദ് വിമാന ദുരന്തത്തിൽ എയർക്രാഫ്റ്റ് ആക്സിഡന്റ് ഇൻവെസ്റ്റിഗേഷൻ ബ്യൂറോ അന്വേഷണം ആരംഭിച്ചു.**
- **വിമാന ദുരന്തത്തിൽ ലോക നേതാക്കളുടെ അനുശോചനം**
- **നിലമ്പൂർ ഉപതിരഞ്ഞെടുപ്പിലേക്ക് ഇനി ആറ് ദിവസം മാത്രം. മുന്നണികൾക്കായി മുതിർന്ന നേതാക്കൾ പ്രചാരണരംഗത്ത്.**
- **കോഴിക്കോട് പുറംകടലിൽ MV WAN HAI - 503 കപ്പലിലെ തീ ഗണ്യമായി കുറയ്ക്കാൻ കഴിഞ്ഞതായി റിപോർട്ടുകൾ.**
- **സംസ്ഥാനത്ത് ഇന്നും ശക്തമായ മഴക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ്.**
- **ICC ലോക ടെസ്റ്റ് ചാമ്പ്യൻഷിപ്പ് ക്രിക്കറ്റ് ഫൈനലിൽ ഓസ്ട്രേലിയ രണ്ടാം ഇന്നിങ്സിൽ എട്ടു വിക്കറ്റ് നഷ്ടത്തിൽ 144 റൺസെടുത്തു.**

## വാർത്തകൾ വിശദമായി

അഹമ്മദാബാദ് വിമാന ദുരന്തത്തിൽ എയർക്രാഫ്റ്റ് ആക്സിഡന്റ് ഇൻവെസ്റ്റിഗേഷൻ ബ്യൂറോ അന്വേഷണം ആരംഭിച്ചു. അന്താരാഷ്ട്ര വ്യോമയാന സംഘടനയുടെ നടപടിക്രമങ്ങൾ പാലിച്ചായിരിക്കും അന്വേഷണമെന്ന് കേന്ദ്ര സിവിൽ വ്യോമയാന മന്ത്രി രാംമോഹൻ നായിഡു അറിയിച്ചു. വിവിധ മേഖലകളിലെ വിദഗ്ധർ അടങ്ങുന്ന ഉന്നതതല സംഘം ദുരന്തത്തെപറ്റി വിശദമായ അന്വേഷണം നടത്തുമെന്നും കേന്ദ്രമന്ത്രി പറഞ്ഞു.

ഭാവിയിൽ ഇത്തരം അപകടങ്ങൾ ഉണ്ടാകാതിരിക്കാനും വ്യോമയാന സുരക്ഷ ശക്തമാക്കാനും ആവശ്യമായ നടപടികൾ കമ്മിറ്റി തയ്യാറാക്കും.

ഡെസ്ക് റിപ്പോർട്ട്

.......വോയ്സ്.......

ലണ്ടനിലേക്ക് പോവുകയായിരുന്ന വിമാനത്തിലെ 241 പേരും മരിച്ചതായി എയർ ഇന്ത്യ സ്ഥിരീകരിച്ചു. ഇവരിൽ 169 ഇന്ത്യക്കാരും 53 ബ്രിട്ടീഷുകാരും 7 പോർച്ചുഗീസുകാരും ഒരു കനേഡിയൻ പൗരനുമുണ്ട്. ഗുജറാത്ത് മുൻ മുഖ്യമന്ത്രി വിജയ് രൂപാനിയും മരിച്ചവരിൽ ഉൾപ്പെടുന്നു. ഇന്ത്യൻ വംശജനായ ബ്രിട്ടീഷ് പൗരൻ വിശ്വാസ് കുമാർ രമേഷ് എന്നയാൾ മാത്രമാണ് ദുരന്തത്തെ അതിജീവിച്ചത്.

മരിച്ചവരുടെ ആശ്രിതർക്ക് എയർ ഇന്ത്യ ഒരു കോടി രൂപ വീതം നൽകുമെന്ന് ടാറ്റാ ഗ്രൂപ്പ് ചെയർമാൻ N ചന്ദ്രശേഖരൻ അറിയിച്ചു. ചികിത്സയിൽ കഴിയുന്നവരുടെ ആശുപത്രി ചെലവും പൂർണമായി കമ്പനി നൽകും.

ആഭ്യന്തരമന്ത്രി അമിത് ഷായും വ്യോമയാന മന്ത്രി രാംമോഹൻ നായിഡുവും ഇന്നലെ വൈകിട്ട് ദുരന്ത സ്ഥലത്തെത്തി സ്ഥിതിഗതികൾ വിലയിരുത്തി. കേന്ദ്രമന്ത്രിമാരും ഗുജറാത്ത് മുഖ്യമന്ത്രി ഭൂപേന്ദ്ര പട്ടേലും മുതിർന്ന ഉദ്യോഗസ്ഥരും ദുരിതാശ്വാസ പ്രവർത്തനങ്ങൾ അവലോകനം ചെയ്തു. വിമാനം തകർന്ന് വീണ ഹോസ്റ്റൽ കെട്ടിടത്തിലും പരിസരങ്ങളിലും ഉണ്ടായിരുന്നവരെ അഹമ്മദാബാദിലെ സിവിൽ ആശുപത്രിയിൽ അമിത്ഷാ സന്ദർശിച്ചു.

✪✪✪

വിമാനത്തിൽ 230 യാത്രക്കാരും 12 ജീവനക്കാരും ഉണ്ടായിരുന്നുവെന്നും ഔദ്യോഗിക മരണസംഖ്യ DNA പരിശോധനയ്ക്ക് ശേഷമേ സ്ഥിരീകരിക്കാനാകൂ എന്നും അദ്ദേഹം പറഞ്ഞു. മരിച്ചവരുടെ ബന്ധുക്കളിൽ നിന്ന് ശേഖരിക്കുന്ന DNA സാമ്പിളും മരിച്ചവരുടെ DNA സാമ്പിളുകളും ഒത്തുനോക്കിയായിരിക്കും മരിച്ചവരെ തിരിച്ചറിയുകയെന്നും അമിത് ഷാ വിശദീകരിച്ചു. ഈ പരിശോധനകൾ എത്രയും വേഗം പൂർത്തീകരിക്കാൻ ഗുജറാത്തിലെ ഫോറൻസിക് സയൻസ് ലാബും ദേശീയ ഫോറൻസിക് സയൻസ് സർവകലാശാലയും ചേർന്ന് പ്രവർത്തിക്കും.

മരിച്ചവരുടെ ബന്ധുക്കളെ അഹമ്മാദാബാദി ലെത്തിക്കാൻ എയർഇന്ത്യ ഇന്നലെ രാത്രി ഡൽഹിയിൽ നിന്നും മുംബൈയിൽ നിന്നും ഓരോ പ്രത്യേക വിമാനങ്ങൾ സജ്ജമാക്കിയിരുന്നു.

✪✪✪

അഹമ്മദാബാദ് വിമാന ദുരന്തത്തിൽ ലോക രാജ്യങ്ങളും നേതാക്കളും ഇന്ത്യയെ അനുശോചനം അറിയിച്ചു. റഷ്യൻ പ്രസിഡന്റ് വ്ളാഡ്മീർ പുട്ടിൻ, മാൽഡീവ്സ് പ്രസിഡന്റ് മുഹമ്മദ് മുയ്സു, കനേഡിയൻ പ്രധാനമന്ത്രി മാർക്ക് കാർനി, ഉക്രൈൻ പ്രസിഡന്റ് വൊളോഡിമർ സെലൻസ്കി, യൂറോപ്യൻ യൂണിയൻ പ്രസിഡന്റ് ഉർസുല വോൺ ഡെർ ലെയൻ, UK പ്രധാനമന്ത്രി കെയർ സ്റ്റാമർ, ഓസ്ട്രേലിയൻ പ്രധാനമന്ത്രി അൻതോണി ആൽബനിസ്, ഫ്രഞ്ച് പ്രസിഡന്റ് ഇമാനുവൽ മക്രോൺ, സിങ്കപ്പൂർ പ്രധാനമന്ത്രി ലോറൻസ് വോംഗ് തുടങ്ങിയവർ ദുരന്തത്തിൽ ദുഃഖം അറിയിച്ചവരിൽ ഉൾപ്പെടുന്നു.

✪✪✪

അഹമ്മദാബാദിലെ വിമാനാദുരന്തം ഹൃദയഭേദകമാണെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ അനുശോചന സന്ദേശത്തിൽ അറിയിച്ചു. വിമാനത്തിലെ യാത്രക്കാരിൽ ഒരാൾ ഒഴികെ മറ്റെല്ലാവരും മരിച്ചതും സമീപത്തെ മെഡിക്കൽ കോളേജ് ഹോസ്റ്റലിലെ ഏതാനും വിദ്യാർത്ഥികൾ മരിച്ചതും നടുക്കമുളവാക്കുന്നതായി അദ്ദേഹം പറഞ്ഞു. ഗുജറാത്ത് മുൻ മുഖ്യമന്ത്രി വിജയ് രൂപാണിയും മരിച്ചവരിലുണ്ടെന്നത് ദുരന്തത്തിന്റെ ആഴം കൂട്ടുന്നു. തിരുവല്ല പുല്ലാട് സ്വദേശി രഞ്ജിത ഗോപകുമാറിന്റെ മരണവും വേദനാജനകമാണെന്ന് മുഖ്യമന്ത്രി പറഞ്ഞു.

✪✪✪

അഹമ്മദാബാദിൽ വിമാനാപകടത്തിൽ മരിച്ച പത്തനംതിട്ട സ്വദേശി നഴ്സ് രഞ്ജിത ജി നായരുടെ മൃതദേഹം നാട്ടിലെത്തിക്കുന് നടപടി വേഗത്തിലാക്കുമെന്ന് കേന്ദ്ര സഹ മന്ത്രി സുരേഷ് ഗോപി അറിയിച്ചു. രഞ്ജിതയുടെ വീട്ടിലെത്തി ബന്ധുക്കളെ സന്ദർശിച്ച ശേഷം മാധ്യമങ്ങളോട് സംസാരിക്കുകയായിരുന്നു സുരേഷ് ഗോപി. മൃതദേഹം വിട്ട് കിട്ടുന്നതിന് ബന്ധുക്കളുടെ DNA സാമ്പിൾ ആവശ്യമാണ്. ഇതിനായി രഞ്ജിതയുടെ സഹോദരൻ ഇന്ന്ഗുജറാത്തിലേക്ക് തിരിക്കും. വ്യോമയാന മന്ത്രിയും ഉയർന്ന ഉദ്യോഗസ്ഥരുമായി വിശദാംശങ്ങൾ ചർച്ച ചെയ്ത് വരുന്നുണ്ടെന്നും സുരേഷ് ഗോപി അറിയിച്ചു.

✪✪✪

വിമാനാപകടത്തിൽ മരിച്ച ആറന്മുള പുന്നാട് സ്വദേശിനി രഞ്ജിതയുടെ മരണത്തിൽ മന്ത്രി വീണാ ജോർജ്ജ് അനുശോചനം അറിയിച്ചു. കോഴഞ്ചേരി ജില്ലാ ആശുപത്രിയിലെ നഴ്സായിരുന്ന രഞ്ജിതയുടെ മരണം നാടിന്റെ വേദനയായി മാറിയിരിക്കുകയാണെന്ന് മന്ത്രി പത്തനംതിട്ടയിൽ പറഞ്ഞു.

✪✪✪

പ്രവർത്തനരഹിത അക്കൗണ്ടുകളും അവകാശികളില്ലാത്ത നിക്ഷേപങ്ങളും സജീവമാക്കാൻ KYC പുതുക്കൽ സൗകര്യം ഏർപ്പെടുത്തുന്നതിന് ബാങ്കുകൾക്ക് RBI നിർദേശം നൽകി. ഇടപാടുകാർക്ക് വീഡിയോ കസ്റ്റമർ ഐഡന്റിഫിക്കേഷൻ പ്രക്രിയയിലൂടെ KYC അപ്ഡേറ്റ് സൗകര്യം ലഭ്യമാക്കണമെന്നും നിർദേശമുണ്ട്.

✪✪✪

വിദ്യാഭ്യാസ-മത സാംസ്കാരിക സാമൂഹിക ഗ്രന്ഥങ്ങൾ കുറഞ്ഞ വിലയ്ക്ക് ജനങ്ങളിലെത്തിക്കാൻ തപാൽ വകുപ്പ് ഗ്യാൻ പോസ്റ്റ് എന്ന പേരിൽ പുതിയ സംരംഭത്തിന് തുടക്കമിട്ടു. പുതിയ വിദ്യാഭ്യാസ നയത്തിന്റെ ലക്ഷ്യങ്ങൾക്ക് യോജിക്കും വിധം രാജ്യത്തുടനീളം പുസ്തകങ്ങൾ ലഭ്യമാക്കുകയാണ് പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്.

മുന്നൂറ് ഗ്രാം വരെ പാക്കറ്റുകൾക്ക് ഇരുപതു രൂപയും അഞ്ചു കിലോ വരെ പാക്കറ്റുകൾക്ക് നികുതി ഒഴികെ പരമാവധി 100 രൂപയുമാണ് ഗ്യാൻപോസ്റ്റ് ഈടാക്കുന്നത്. ഈ സൗകര്യം എല്ലാ പോസ്റ്റ് ഓഫീസുകളിലും ലഭ്യമാണ്. ട്രാക്കിങ് സൗകര്യവും ഉണ്ടായിരിക്കും.

✪✪✪

നിലമ്പൂർ ഉപതിരഞ്ഞെടുപ്പിലേക്ക് ഇനി ആറ് ദിവസം മാത്രം. LDF സ്ഥാനാർത്ഥി M സ്വരാജിന്റെ പ്രചാരണ പരിപാടികൾക്ക് മുഖ്യമന്ത്രി പിണറായി വിജയൻ ഇന്ന് നിലമ്പൂരിലെത്തും. മൂന്ന് ദിവസം പ്രചാരണത്തിന് അദ്ദേഹം പങ്കെടുക്കും. ഏഴ് പഞ്ചായത്തുകളിലെ തെരഞ്ഞെടുപ്പ് റാലികളിലും അദ്ദേഹം സംബന്ധിക്കും.

കൂടുതൽ തെരഞ്ഞെടുപ്പ് വിശേഷങ്ങൾ

...........വോയ്സ്.........

UDF സ്ഥാനാർത്ഥി ആര്യാടൻ ഷൗക്കത്തിന്റെ പ്രചാരണത്തിന് ഇന്ന് മണ്ഡലത്തിലെത്താനിരുന്ന AICC ജനറൽ സെക്രട്ടറി പ്രിയങ്കാ ഗാന്ധി വരവ് മാറ്റിവെച്ചു. അഹമ്മദാബാദ് വിമാനാപകടത്തിന്റെ സാഹചര്യത്തിലാണ് പ്രചരാണ പരിപാടി ഞായറാഴ്ചയിലേക്ക് മാറ്റിയത്.

NDA സ്ഥാനാർത്ഥി മോഹൻജോർജിന്റെ പ്രചാരണത്തിന് BJP സംസ്ഥാന പ്രസിഡന്റ് രാജീവ് ചന്ദ്രശേഖരടക്കം നേതാക്കൾ മണ്ഡലത്തിലുണ്ട്. ഉപതെരഞ്ഞെടുപ്പിൽ ഇടത്-വലത് മുന്നണികൾ മുന്നോട്ട് വെയ്ക്കുന്ന രാഷ്ട്രീയം കേരളത്തിൽ അപകടകരമാണെന്ന് ഇന്നലെ രാജീവ് ചന്ദ്രശേഖർ അഭിപ്രായപ്പെട്ടിരുന്നു.

ആശാ വർക്കർമാരുടെ സമരത്തെ കാണാത്ത ഗവൺമെന്റ് അദാനിക്ക് മുന്നിൽ മാത്രമാണ് കണ്ണു തുറക്കുന്നതെന്ന് UDF കേന്ദ്രകമ്മിറ്റി ഓഫീസിൽ വാർത്താ സമ്മേളനം നടത്തിയ AICC ജനറൽ സെക്രട്ടറി KC വേണുഗോപാൽ പറഞ്ഞു.

✪✪✪

ലോകരാജ്യങ്ങളോട് കിടപിടിക്കുന്ന ക്ഷേമപ്രവർത്തനവും വികസനവുമാണ് പ്രധാനമന്ത്രി നരേന്ദ്രമോദി പതിനൊന്ന് വർഷം കൊണ്ട് രാജ്യത്ത് നടപ്പാക്കിയതെന്ന് BJP ദേശീയ ഉപാദ്ധ്യക്ഷൻ AP അബ്ദുള്ളക്കുട്ടി കോഴിക്കോട്ട് പറഞ്ഞു. ഇരുപത്തിയഞ്ച് കോടിയിലധികം ജനങ്ങളെ ദാരിദ്ര്യ രേഖക്ക് മുകളിലേക്ക് കൊണ്ടുവന്നത് വലിയ നേട്ടമാണെന്നും അദ്ദേഹം വിലയിരുത്തി.

BJP ന്യൂനപക്ഷത്തിനെതിരാണെന്നത് നുണ പ്രചാരണമാണെന്നും എല്ലാവരേയും ഒരുപോലെ കാണുന്ന പ്രസ്ഥാനമാണ് ഇതെന്നും അബ്ദുള്ളക്കുട്ടി വ്യക്തമാക്കി. കാശ്മീരിലേയും ലക്ഷദ്വീപിലേയും വികസനങ്ങൾ ഇതിന് തെളിവാണെന്നും അദ്ദേഹം പറഞ്ഞു.

✪✪✪

കോഴിക്കോട് പുറംകടലിൽ MV WAN HAI - 503 കപ്പലിലെ തീ ഗണ്യമായി കുറയ്ക്കാൻ കഴിഞ്ഞതായി റിപോർട്ടുകൾ പറയുന്നു. തീര രക്ഷാ സേനയും, വ്യോമസേനയും ഡ്രൈ കെമിക്കൽ പൗഡർ ഉപയോഗിച്ച് തീ നിയന്ത്രിക്കാൻ ശ്രമം തുടരുകയാണ്. ഹെലികോപ്റ്റർ ഉപയോഗിച്ചാണ് ദൗത്യം. ഏഴ് കോസ്റ്റ് ഗാർഡ് കപ്പലുകളും ഹെലികോപ്റ്ററുകളും ഇപ്പോഴും രക്ഷാ പ്രവർത്തനത്തിനുണ്ട്. കാണാതായ നാല് കപ്പൽ ജോലിക്കാർക്കായി തെരച്ചിൽ തുടരുന്നു. ഇതു വരെ എണ്ണ ചോർച്ച റിപ്പോർട്ട് ചെയ്തിട്ടില്ല.

കപ്പലിലെ കണ്ടെയ്നറുകൾ ഉൾപ്പെടെ അവശിഷ്ടങ്ങൾ തീരത്ത് അടിയാൻ സാധ്യതയുണ്ടെന്നും തീരവാസികൾ ജാഗ്രത പാലിക്കണമെന്നും ജില്ലാ കളക്ടർ നിർദേശം നൽകി. അവശിഷ്ടങ്ങളുടെ സമീപത്തേക്ക് പോവുകയോ അവ തൊടുകയോ ചെയ്യരുതെന്ന് മുന്നറിയിപ്പിൽ പറയുന്നു. ഇത്തരം സാധനങ്ങൾ കണ്ടെത്തിയാൽ 112 എന്ന നമ്പറിൽ അറിയിക്കേണ്ടതാണ്.

✪✪✪

സംസ്ഥാനത്ത് ഇന്നും ശക്തമായ മഴക്ക് സാധ്യതയുണ്ടെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ് മുന്നറിയിപ്പ് നൽകി. ഇന്ന് കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർകോട് ജില്ലകളിൽ ഓറഞ്ച് ജാഗ്രതയും മറ്റെല്ലാ ജില്ലകളിലും മഞ്ഞ ജാഗ്രതയും നൽകി.

കേരള-കർണാടക-ലക്ഷദ്വീപ് തീരങ്ങളിൽ 16 വരെ മിൻപിടുത്തത്തിന് വിലക്കേർപ്പെടുത്തി.

✪✪✪

കണ്ണൂർ കൊട്ടിയൂർ വൈശാഖ മഹോൽസവത്തിന്റെ പ്രധാന ചടങ്ങായ ഇളനീർ വെപ്പ് ഈ മാസം 17 നും ഇളനീരാട്ടം 18 നും നടത്തും. ഇതിനായി വിവിധ മഠങ്ങളിൽ ചടങ്ങിൽ പങ്കെടുക്കുന്നവർ കഠിനവ്രതം ആരംഭിച്ചു. മറ്റന്നാൾ തിരുവോണം ആരാധന നടക്കും.

✪✪✪

ലോക ടെസ്റ്റ് ക്രിക്കറ്റ് ചാമ്പ്യൻഷിപ്പ് ഫൈനലിൽ ഓസ്ട്രേലിയ രണ്ടാം ഇന്നിങ്സിൽ എട്ടു വിക്കറ്റ് നഷ്ടത്തിൽ 144 റൺസെടുത്തു. ഇതോടെ ദക്ഷിണാഫ്രിക്കയ്ക്കെതിരെ ഓസ്ട്രേലിയയ്ക്ക് 218 റൺസിന്റെ ലീഡ് ലഭിച്ചു.

✪✪✪

നെതർലാൻഡ്സിലെ ആംസ്റ്റൽവീനിൽ FIH ഹോക്കി പ്രോലീഗിൽ ഇന്ത്യ അർജന്റീനയോട് ഒന്നിനെതിരെ രണ്ടുഗോളിന് പരാജയപ്പെട്ടു. 12 മത്സരങ്ങളിൽ നിന്ന് 15 പോയിന്റുമായി ഇന്ത്യ പോയിന്റുപട്ടികയിൽ അഞ്ചാം സ്ഥാനത്താണ്. നാളെ ഓസ്ട്രേലിയയുമായാണ് ഇന്ത്യയുടെ അടുത്ത മത്സരം.

✪✪✪

സംസ്ഥാന സഹകരണ കാർഷിക ഗ്രാമ വികസന ബാങ്കിലെ അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റിക്കെതിരെ നൽകിയ ഹർജി ഹൈക്കോടതി ഡിവിഷൻ ബെഞ്ച് തള്ളി. UDF ഭരണസമിതിയാണ് ഇതിനെതിരെ ഹർജി നൽകിയത്. നേരത്തെ UDF ഭരണസമിതിയ്ക്കെതിരെ അവിശ്വാസ പ്രമേയം പാസാക്കിയിരുന്നു.

✪✪✪

CPI സംസ്ഥാന സമ്മേളനത്തിന് മുന്നോടിയായി ആലപ്പുഴയിൽ സർഗ്ഗസംഗമം എന്ന മുഖാമുഖം പരിപാടി സംഘടിപ്പിച്ചു. കലാ - സാംസ്കാരിക, സിനിമ, നാടക, കായിക രംഗങ്ങളിലെ നൂറോളം പ്രമുഖരും കുടുംബങ്ങളും പങ്കെടുത്തു. മന്ത്രി P പ്രസാദ് അടക്കം പ്രമുഖരും പരിപാടിയിൽ സംബന്ധിച്ചു.

✪✪✪

*News Editor : വി കെ സുരേഷ്*
*News Reader: അനിൽ ചന്ദ്രൻ*
*CNRT :ശരണ്യ രാജൻ*
*DEO : സി കെ സുബോധ്*